9449

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം-695 001

Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic@kerala.nic.in

ഹർജി നമ്പർ AP 2260(1)/2017/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.14362/SIC-Gen4/2017**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. പ്രേമൻ വി.,
പനങ്ങോട്ടുമേലെ റോഡരികത്ത് പുത്തൻ വീട്,
അന്തിയൂർക്കോണം,
കൊല്ലോട് പി.ഒ.,
മലയിൻകീഴ്, തിരുവനന്തപുരം-695 571. — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി,
സാമൂഹ്യ നീതി (എ) വകുപ്പ്,
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യ നീതി ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം.
3. അപ്പീൽ അധികാരി,
സാമൂഹ്യ നീതി (എ) വകുപ്പ്,
ഗവ. സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

— എതിർകക്ഷികൾ

Very Urgent & Important
D4
18/9/18

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 21.8.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 26.8.2017 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 22.9.2017 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 4.10.2017 |
| കമ്മീഷനിൽ അപ്പീൽ ഹർജി സമർപ്പിച്ച തീയതി | 13.11.2017 |
| അപ്പീൽ കമ്മീഷനിൽ ലഭിച്ച തീയതി | 13.11.2017 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. പ്രേമൻ വി., 13.11.2017 തീയതിയായി സമർപ്പിച്ച അപ്പീൽ ഹർജി അന്നേ ദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് എ.പി. നംപർ 2260(1)/2017/എസ്.ഐ.സി ആയി ഫയലിൽ

സ്വീകരിക്കുകയും ചെയ്തു. കമ്മീഷൻ 5.4.2018 തീയതി മേൽപ്പടി അപ്പീൽ ഹർജിയിൽ കമ്മീഷൻ ആസ്ഥാനത്തു വച്ച് ഹിയറിംഗ് നടത്തുകയും മേൽപ്പടി ഹിയറിംഗിൽ അപ്പീൽ ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും ഹാജരാവുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുൻപാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുൻപാകെ 21.8.2017 തീയതി വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ നൽകി എന്നും 22.9.2017 തീയതി രണ്ടാം എതിർകക്ഷി മുൻപാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും എന്നിട്ടും ടിയാൻ ആവശ്യപ്പെട്ട എല്ലാ രേഖകളും നൽകിയില്ല എന്നും ടിയാന് നൽകിയ രേഖകളിൽ ഒന്നിലും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് സീലോ ഉദ്യോഗസ്ഥ പദവി തെളിയിക്കുന്ന സീലോ പതിപ്പിച്ചിട്ടില്ലെന്നും ടിയാന് നൽകിയ മറുപടി തൃപ്തികരമല്ല എന്നും ആയതിനാൽ ബന്ധപ്പെട്ടവർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെന്നും ടിയാന് നൽകിയ മറുപടിയിൽ ഓഫീസ് സീലും അധികാരിയുടെ സീലും പതിപ്പിച്ച് നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്നും മറ്റുമാണ്.

3. 21.8.2017 തീയതി ഒന്നാം എതിർകക്ഷി മുൻപാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

(i) വികലാംഗർക്കുള്ള കേന്ദ്ര സർക്കാരിന്റെ നാഷണൽ അവാർഡിനു അപേക്ഷിച്ചത് എത്ര പേർ എന്നും

(ii) പതിനാല് കാറ്റഗറി ചോദിച്ചിട്ടുണ്ട് അവയിൽ ഏതൊക്കെ എന്നും

(iii) അവാർഡിന് അപേക്ഷിച്ചവർ സർക്കാർ ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്യുന്നവർ എത്ര പേർ എന്നും അവർ ആരാക്കെ എന്നും അവരുടെ വിവരങ്ങളും ഹാജരാക്കിയ രേഖകളുടെ പകർപ്പുകളും നൽകണമെന്നും

(iv) എവിടെയാണ് മേൽപ്പടി ഉദ്യോഗസ്ഥർ ആദ്യം അപേക്ഷ സമർപ്പിച്ചത് എന്നും അവർക്കുവേണ്ടി ശുപാർശ ചെയ്തത് ആരൊക്കെ എന്നും മറ്റുമായി 15 ഇനങ്ങളിലായുള്ള വിവരങ്ങൾ ആണ്. മേൽപ്പടി അപേക്ഷയ്ക്ക് 26.8.2017 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത് ഹർജിക്കാരന്റെ അപേക്ഷയിലെ 1 മുതൽ 8 വരെയുള്ള ചോദ്യങ്ങൾക്കുള്ള മറുപടി നേരിട്ട് നൽകുന്നതിനായി സാമൂഹ്യ നീതി ഡയറക്ടറേറ്റിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ്. 9 മുതൽ 15 വരെയുള്ള ഇനങ്ങൾ സംബന്ധിച്ച് മറുപടി നൽകുകയും ചെയ്തു. സാമൂഹ്യ നീതി ഡയറക്ടറേറ്റ് 22.9.2017 തീയതി ഹർജിക്കാരന്റെ അപേക്ഷയിലെ 1 മുതൽ 8 വരെയുള്ള ഇനങ്ങൾ സംബന്ധിച്ച് മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. അപ്പീൽ ഹർജിക്കാരൻ 3-ാം എതിർകക്ഷി മുൻപാകെ സമർപ്പിച്ച ഒന്നാം അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന് നാളിതുവരെ യാതൊരു രേഖയും മറുപടിയും മേൽപ്പടി ഡിപ്പാർട്ടുമെന്റ് സീലോ ഉദ്യോഗസ്ഥ പദവിയുടെ സീലോ ഉപയോഗിച്ച് നൽകിയിട്ടില്ലെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 4.10.2017 തീയതി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയിൽ അറിയിച്ചത്,

ഹർജിക്കാരന്റെ അക്ഷേയിന്മേൽ 26.8.2017 തീയതിയായി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുണ്ട് എന്നും ആയതിന്റെ പകർപ്പ് വീണ്ടും ഉൾക്കൊള്ളിച്ചിരിക്കുന്നു എന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന് നൽകിയിരിക്കുന്ന രേഖകളിൽ ഒന്നും രണ്ടും എതിർകക്ഷികളുടെ ഔദ്യോഗിക സീലും ഓഫീസ് സീലും പതിപ്പിച്ച് വിവരാവകാശ നിയമപ്രകാരം നൽകുന്നത് എന്ന് സാക്ഷ്യപ്പെടുത്തി നൽകിയിട്ടില്ലെന്ന് കാണുന്നു. ആയതിനാൽ ഒന്നും രണ്ടും എതിർകക്ഷികൾ ഔദ്യോഗിക സ്ഥാനവും ഓഫീസ് സീലും പതിപ്പിച്ച് സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കകം ഹർജിക്കാരന് സൗജന്യമായി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ വരുന്ന ചെലവ് ബന്ധപ്പെട്ട എതിർകക്ഷികളുടെ പക്കൽ നിന്നും ഈടാക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2018 ജൂൺ 22-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

bnk